**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3880** **28-06-2024 - ൽ മറുപടിയ്ക്ക്**

**വി.ആർ.എസ്-ന് അപേക്ഷിച്ച സർക്കാർ ജീവനക്കാരും അദ്ധ്യാപകരും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെ എത്ര സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും വി.ആർ.എസ്-ന് അപേക്ഷിച്ചിട്ടുണ്ട്; വർഷം, വകുപ്പ്, തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ; മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അപേക്ഷകരിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് അറിയിക്കാമോ; | (എ) | വർദ്ധനവുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. വി.ആർ.എസ് , ശൂന്യ വേതന അവധി എന്നിവ സംബന്ധിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാരിലും അധ്യാപകരിലും എത്ര പേർ ശമ്പളമില്ലാത്ത 5 വർഷത്തെ അവധിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വർഷം, വകുപ്പ്, തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വർദ്ധനവുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. വി.ആർ.എസ് , ശൂന്യ വേതന അവധി എന്നിവ സംബന്ധിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (സി) | പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും തങ്ങളുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയായി വാങ്ങിയ തുക എത്രയാണ്; ഇതിൽ ടെമ്പററി അഡ്വാൻസ് / നോൺ റീഫണ്ടബിൾ അഡ്വാൻസ് എന്നിവ പ്രത്യേകം ലഭ്യമാക്കാമോ; ഇതിൽ മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിരിക്കുന്ന വർദ്ധനവ് എത്ര ശതമാനമാണ് എന്നറിയിക്കാമോ? | (സി) | സ്പാർക്ക് മുഖേനയും അല്ലാതെയുമാണ് വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും പ്രോവിഡന്റ് ഫണ്ടിൽ നിന്നും വായ്പ അനുവദിക്കുന്നത്. ആയതിനാൽ ഇത് സംബന്ധിച്ച വിവരം പ്രത്യേകമായി സമാഹൃതമായി സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ